22101114

**QP CODE: 22101114**

**Reg No** : .....................

**Name** : .....................

# B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, APRIL 2022

## Sixth Semester

## CORE - ML6CRT12 - VYAKARANAM, BHASHACHARITHRAM

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

DBDFD5D8

Time: 3 Hours | Max. Marks : 80

***Instructions to Private candidates only:*** *This question paper contains* ***two*** *sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

### SECTION I

### പാർട്ട് എ

*അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും* ***പത്തു*** *ചോദ്യത്തിന് ഉത്തരമെഴുതുക.*
*ഓരോ ചോദ്യത്തിനും* ***2*** *മാർക്ക് വീതം.*

1. വ്യാകരണം എന്നാലെന്ത്? അവയ്ക്ക് ഭാഷാപഠനത്തിലുള്ള പ്രാധാന്യമെന്ത്?
2. ഉച്ചാരണസ്ഥാനത്തെ അടിസ്ഥാനമാക്കി വ്യഞ്ജനാക്ഷരങ്ങളെ തരംതിരിച്ചിരിക്കുന്നതെങ്ങനെ?
3. "അതിനെ സ്വരമായിട്ടേ
   വകവയ്ക്കേണ്ടൂ സന്ധിയിൽ" - ഏതിനെ? എന്തുകൊണ്ട്?
4. മലയാളത്തിലെ ലിംഗപ്രത്യയങ്ങൾ ഏതെല്ലാമെന്ന് സോദാഹരണം വ്യക്തമാക്കുക.
5. തദ്ധിതം എന്നാലെന്ത്?
6. അനുനാസികസംസർഗ്ഗം- വിശദമാക്കുക.
7. കർമ്മണിപ്രയോഗം എന്നാലെന്ത്?



**Turn Over**

8. അനുപ്രയോഗം, പ്രാക്പ്രയോഗം എന്നീ സംജ്ഞകൾ പരിചയപ്പെടുത്തുക.

9. അംഗിക്രിയ, അംഗക്രിയ എന്നിവയെന്തെന്ന് വ്യക്തമാക്കുക.

10. സാംഖ്യഭേദകങ്ങൾ എന്നാലെന്ത്? അവ സംഖ്യാനാമങ്ങളായി മാറുന്നതെങ്ങനെ?

11. മലയാളം എന്ന പദത്തിന്റെ വ്യുൽപത്തിയെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

12. മലയാണ്മക്കാലത്തെ ഭാഷാപരമായ സവിശേഷതകൾ എന്തെല്ലാം?

(10×2=20)

**പാർട്ട് ബി**

*ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.*

13. വർണ്ണം, അക്ഷരം, ലിപി എന്നീ സംജ്ഞകളുടെ സാങ്കേതികാർത്ഥം വിവരിക്കുക.

14. അകാരത്തിന്റെ ധ്വനിമൂല്യത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

15. മലയാളത്തിലെ വചനപ്രത്യയങ്ങളുടെ പ്രയോഗഭേദങ്ങൾ ഉദാഹരണങ്ങൾ എടുത്തുകാട്ടി വിവരിക്കുക.

16. വിഭക്ത്യാസങ്ങൾ ഏതെല്ലാം? ഉദാഹരണങ്ങൾ എടുത്തുകാട്ടി വിവരിക്കുക.

17. ഭാഷാപ്രയോഗത്തിൽ പ്രകാരങ്ങൾക്കുള്ള പ്രാധാന്യമെന്ത്?

18. വിനയെച്ചം എന്നാലെന്ത്? ഉൾപ്പിരിവുകൾ സോദാഹരണം പ്രതിപാദിക്കുക.

19. മലയാളത്തിലെ വാക്യങ്ങളെ വിഭജിച്ചിരിക്കുന്നത് എങ്ങനെയെല്ലാം?

20. പാട്ട്, മണിപ്രവാളം എന്നിവയുടെ ഭാഷാപരമായ പ്രത്യേകതകൾ താരതമ്യപ്പെടുത്തുക.

21. മിഷനറിമാർ മലയാളഗദ്യത്തിന്റെ വളർച്ചയിൽ വഹിച്ച പങ്കെന്ത്?

(6×5=30)

**പാർട്ട് സി**

*നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.*

*ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.*

22. കേരളപാണിനിയുടെ ശബ്ദവിഭജനം വിമർശനരീത്യാ വിശകലനം ചെയ്യുക.

23. വിഭക്തി, കാരകം എന്നിവ വിശദമാക്കി അവ തമ്മിലുള്ള ബന്ധം വിലയിരുത്തുക.

24. മലയാളത്തിലെ സമാസങ്ങൾ ഏതെല്ലാം? അവയുടെ പ്രയോഗഭേദങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

25. മലയാളഭാഷോത്പത്തിയെ സംബന്ധിച്ചുള്ള വ്യത്യസ്ത വാദഗതികൾ സംഗ്രഹിച്ചെഴുതുക.

(2×15=30)